**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5506** **05-07-2024 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണത്തിനായി സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുമോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനത്തിനായുള്ള ടെസ്റ്റ് നടത്തികഴിഞ്ഞു. ഇന്റർവ്യൂ നടത്തി എത്രയുംവേഗം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ അധികം വർക്കുകളുള്ള സ്ഥലത്തേക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിൽ കോഴിക്കോട് ജില്ലയിൽ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളിബോൾ അക്കാദമി കെട്ടിടം,മണിയൂർ കളിസ്ഥലം,പുറമേരി സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദാംശം ഫോൺ നമ്പർ സഹിതം ലഭ്യമാക്കാമോ? | (സി) | കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളിബോൾ അക്കാദമി കെട്ടിടം, മണിയൂർ കളിസ്ഥലം, പുറമേരി സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| തസ്തിക | എണ്ണം | വിവരങ്ങൾ |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 1 | കോഴിക്കോട് ജില്ലക്ക് പുറമെ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ ചുമതലകളും നിർവ്വഹിച്ചുവരുന്നു. |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 1 | കോഴിക്കോട് ജില്ലക്ക് പുറമെ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളുടെ ചുമതലകളും നിർവ്വഹിച്ചുവരുന്നു. |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 0 | നിലവിൽ ഈ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. സൗത്ത് സോണിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) അധിക ചുമതല നിർവ്വഹിച്ചുവരുന്നു. |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 1 | കോഴിക്കോട് ജില്ലയുടെ ചുമതല നിർവ്വഹിച്ചുവരുന്നു. |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 | കോഴിക്കോട് ജില്ലക്ക് പുറമെ മലപ്പുറം, പാലക്കാട് ജില്ലകളുടെ ചുമതലകളും നിർവ്വഹിച്ചുവരുന്നു. |



**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

| ജീവനക്കാരുടെ പേര് | തസ്തിക | ഫോൺ നം. |
|---|---|---|
| ശ്രീ. മുഹമ്മദ് അഷ്റഫ് എ.പി.എം. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 9446112555 |
| ശ്രീ. അച്ചു എ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 9447989908 |
| ശ്രീ. വിഷ്ണു ഗോപാൽ വി. എസ്. (അധിക ചുമതല) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 8129475483 |
| ശ്രീമതി. സില്ലാ ജോൺസൺ | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 9562979237 |
| ശ്രീ. വിനീഷ് എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 9995308530 |

Rajeev R Pillai

**സെക്ഷൻ ഓഫീസർ**